ശിഹാബുദ്ദീൻ ആരാമ്പ്രം

# ഖുർആനും കവിതയും

**മുഹമ്മദ്** നബി(സ)യുടെ പ്രബോധന പ്രവർത്തനങ്ങൾക്കെതിരെ മക്കയിലെ ബഹുദൈവ വിശ്വാസികൾ ഉയർത്തിയ വിമർശനങ്ങളിലൊന്ന്, പ്രവാചകൻ കവിയാണ് എന്നായിരുന്നു. ഒരു കവി സൃഷ്ടിക്കുന്ന പുതുമക്കും ആകർഷണീയതക്കും അപ്പുറം അദ്ദേഹത്തിന്റെ പ്രബോധനങ്ങൾക്ക് പ്രസക്തിയില്ലെന്ന് വരുത്തലായിരുന്നു അവരുടെ ലക്ഷ്യം. അത്തരമൊരു സന്ദർഭത്തെയാണ് ഖുർആൻ വിശകലനം ചെയ്തത്: 'കവികളെ പിന്തുടരുക പിഴച്ച ജനതയാണ്. അവർ സകല താഴ്‌വരയിലും അലയുന്നത് താങ്കൾ കാണുന്നില്ലേ? അവർ പ്രവർത്തിക്കാത്തത് പറയുന്നു. സത്യവിശ്വാസം സ്വീകരിച്ചവരും സൽക്കർമങ്ങൾ പ്രവർത്തിച്ചവരും അല്ലാഹുവിനെ ഏറെ സ്മരിച്ചവരും അക്രമിക്കപ്പെട്ടപ്പോൾ പ്രതിരോധിച്ചവരും ഇതിൽനിന്നൊഴിവാണ്. വരാനിരിക്കുന്ന ദുരന്തം അക്രമം പ്രവർത്തിച്ചവർ അടുത്ത് തന്നെ അറിയും'.[1]

ഖുർആനിൽ *ശാഇർ* (കവി), *ശിഅ്ർ* (കവിത) എന്നീ പദങ്ങൾ വിവിധ സന്ദർഭങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. പ്രവാചകത്വത്തെ കവിത്വവുമായി താരതമ്യപ്പെടുത്തിയതിനെ വിമർശിക്കുന്നു ചിലയിടങ്ങളിൽ. കവിതയെപ്പറ്റി വന്ന ഖുർആൻ -ഹദീസ് വചനങ്ങളുടെ വെളിച്ചത്തിൽ ഉത്തമം, അധമം എന്നിങ്ങനെ കവിതയെ പണ്ഡിതന്മാർ വേർതിരിച്ചിട്ടുണ്ട്. ഇസ്‌ലാം കവിതക്ക് നൽകിയ സമുന്നത പദവി ഉയർത്തിക്കാട്ടുകയാണ് ആ വിഭജനത്തിലൂടെ അവർ ചെയ്തത്. കവിതയെയും സാഹിത്യത്തെയും ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു എന്ന് ധരിക്കുന്നവരും കുറവല്ല. അതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് മുകളിൽ ഉദ്ധരിച്ച ഖുർആൻ വചനമാണ്. പ്രവാചകൻ കവിതയോടും കവികളോടും സ്വീകരിച്ച സമീപനം വിശകലനം ചെയ്താൽ ഈ ധാരണ തെറ്റാണെന്ന് കണ്ടെത്താം. കവികളെ വിമർശിച്ചപ്പോൾ വിശ്വാസികളെയും സൽക്കർമികളെയും അല്ലാഹുവിനെ സ്മരിച്ചവരെയും അക്രമിക്കപ്പെട്ടപ്പോൾ പ്രതിരോധിച്ചവരെയും വിമർശന പരിധിയിൽനിന്ന് ഒഴിച്ചു നിർത്തിയത് പ്രത്യേകം ശ്രദ്ധിക്കുക.

മക്കാനിവാസികളെ പ്രവാചകനിൽനിന്ന് അകറ്റാൻ ശത്രുക്കൾ നിരവധി മാർഗങ്ങൾ അവലംബിച്ചു. അതിലൊന്നായിരുന്നു അദ്ദേഹം കവിയാണെന്ന പ്രചാരണം. അത് അംഗീകരിക്കപ്പെട്ടാൽ, അതിലും മികച്ചത് വേറെയുണ്ടെന്നും മുഹമ്മദിന്റെ വശ്യശക്തിയിൽ കുടുങ്ങിപ്പോകരുതെന്നും സമർഥിക്കാൻ എളുപ്പമാണല്ലോ. സാധാരണക്കാരായ പലരും കുറച്ചുകാലത്തേക്കെങ്കിലും മുഹമ്മദ് കവിയാണെന്ന് സത്യമായും കരുതി. അതുകൊണ്ടാണ് ഖുർആൻ സ്വൽപം രൂക്ഷമായി വിഷയം കൈകാര്യം ചെയ്തത്. കവിതയോടും സാഹിത്യത്തോടും താൽപര്യമുള്ളവരെ ആ സൂക്തം നിരാശരാക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. വിശ്വാസികളെ പിടിച്ചു കുലുക്കാൻ ശക്തിയുള്ളതാണ് ആ വചനങ്ങൾ. പ്രവാചകന്റെ സദസ്സ് തന്നെ അതിന് സാക്ഷിയായി. ഇബ്നു അബീ ശൈബ, *അശ്ശുഅറാഅ്* അധ്യായത്തിലെ പ്രസ്തുത സൂക്തങ്ങൾ അവതരിച്ചപ്പോൾ ഉണ്ടായ ഒരു രംഗം അനുസ്മരിക്കുന്നു: അബ്ദുല്ലാഹിബ്നു റവാഹ, ഹസ്സാനുബ്നു സാബിത്, കഅ്ബുബ്നു മാലിക് എന്നിവർ 'കവികളെ പിന്തുടരുക പിഴച്ച ജനതയാണ്' എന്ന ഭാഗം പാരായണം ചെയ്തപ്പോൾ കരഞ്ഞുകൊണ്ട് പ്രവാചകന്റെ സന്നിധിയിൽവന്ന് ആവലാതിപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ കവികളാണെന്ന് അല്ലാഹു അറിയുന്നു. എന്നിട്ടും ഇങ്ങനെ ഒരു സൂക്തം അവതരിച്ചുവല്ലോ?' നബി അവരെ ഉണർത്തി: നിങ്ങൾ അതിന് ശേഷമുള്ളത് കൂടി പാരായണം ചെയ്യൂ, 'സത്യവിശ്വാസം സ്വീകരിച്ചവർ ഒഴികെ' - അത് നിങ്ങളാണ്. 'അക്രമിക്കപ്പെട്ടപ്പോൾ പ്രതിരോധിച്ചവരും ഒഴികെ' - അതും നിങ്ങളാണ്.[2]

സൂക്തങ്ങളിൽ ആക്ഷേപിക്കപ്പെട്ട കവികൾ അധാർമികതയുടെ പ്രചാരകരും ഇസ്‌ലാം വിരോധികളുമായിരുന്നു എന്നർഥം. നബിയുടെ മക്കാജീവിതത്തിലാണ് ഈ സൂക്തങ്ങൾ അവതരിച്ചത്. മക്കയിലെ ഗോത്രങ്ങൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന ശത്രുത ചരിത്രകൃതികളിൽ വിശദമായി വന്നിട്ടുണ്ട്. അന്ന് നബിയോടൊപ്പം അണിനിരന്നവർ അംഗസംഖ്യയിൽ തുലോം കുറവായിരുന്നു. അപൂർവം ചിലരൊഴികെ, സാഹിത്യരംഗത്തുള്ളവരാരും പ്രവാചകന്റെ പിന്നിൽ അണിനിരന്നിരുന്നില്ല. ജനമനസ്സുകളെ അടിമപ്പെടുത്താനുള്ള അവരുടെ കഴിവും അപാരമായിരുന്നു. ആ അവസ്ഥക്ക് മാറ്റം വരാൻ വേണ്ടിയാണ് ഖുർആനിലൂടെ അത്തരം കവികളെയും അവരുടെ ആരാധകരെയും ശക്തമായ ഭാഷയിൽ അല്ലാഹു വിമർശിച്ചത്. അന്നും പ്രവാചകന് വേണ്ടി തൂലിക ചലിപ്പിച്ച കവികളുണ്ടായിരുന്നു. അവരെ മറ്റ് കവികളിൽനിന്ന് വേർതിരിക്കുകയും സേവനങ്ങൾ എടുത്ത് പറഞ്ഞ് പ്രശംസിക്കുകയും ചെയ്തിരിക്കുകയാണ്.

ഈ സൂക്തങ്ങളിലൂടെ ഖുർആൻ കവികളെ ആക്ഷേപിക്കുകയല്ല, അംഗീകരിക്കുകയാണ്. വിശ്വാസത്തിന്റെ പ്രകാശം പരത്തുന്ന കവിയുടെ കാൽപ്പാടുകൾ തെരയുകയാണ്. ദിശാബോധം ഇല്ലാതെ, ചെയ്യാത്തത് പറഞ്ഞ്, താഴ്‌വരകളിൽ അലയുന്ന കവികൾക്ക് വിപ്ലവത്തിന്റെ ചാലക ശക്തികളാവാൻ കഴിയില്ല. പ്രവാചക സദസ്സിലെ കവികൾ ആ സൂക്തങ്ങൾ കേട്ട് ദുഃഖിതരായപ്പോൾ അവരെ വാഴ്ത്തിയ ഖുർആൻ വചനങ്ങൾ നബി കേൾപ്പിക്കുകയായിരുന്നു. വിശ്വാസികളായ കവികളിൽ ലക്ഷ്യബോധവും ധാർമികതയും തദനുസൃതമായ കർമവും മേളിക്കണമെന്നാണ് ഖുർആൻ ഉദ്ബോധിപ്പിക്കുന്നത്. ഈ സൂക്തങ്ങളുടെ ചൈതന്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പ്രവാചക വചനം ഇങ്ങനെയാണ്: 'കവിത മഹദ് വചനം പോലെയാണ്. നല്ലത് ഉത്തമ വചനം പോലെയും ചീത്ത ദുഷിച്ച വചനം പോലെയും'.[3]

### കവിതയും സമരവും

മനസ്സിന്റെ ആഴത്തിലേക്ക് പ്രവഹിക്കുന്ന മഹാനദിയാണ് കവിത. കളകളാരവങ്ങളുടെ ആഭരണമണിഞ്ഞാൽ അത് സുന്ദരിയും പ്രതിരോധത്തിന്റെ പടച്ചട്ട ധരിച്ചാൽ അജയ്യനായ പടയാളിയുമാണ്. കവിതയുടെ ഈ ദ്വിതീയ ഗുണമാണ് മനുഷ്യഹൃദയത്തിൽ അതിനെ അനശ്വരമാക്കുന്നത്. ജീവിതാനന്ദത്തോടൊപ്പം ആത്മധൈര്യം കൂടി പകരാൻ കവിതക്ക് കഴിഞ്ഞു. നബി കവിതയെ ജിഹാദിനോടും കവിയെ മുജാഹിദിനോടും താരതമ്യപ്പെടുത്തിയിട്ടുണ്ട്. അസത്യത്തിനെതിരെ കവിത പ്രയോഗിക്കാനും അതിന്റെ ബഹുമുഖ മഹത്വം പ്രയോജനപ്പെടുത്താനും പ്രവാചകൻ ഉപദേശിച്ചു.

പ്രസിദ്ധ കവി കഅ്ബുബ്നു മാലിക് നബിയോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, കവിതയെ താങ്കൾ എങ്ങ

നെ കാണുന്നു? നബി പറഞ്ഞു: 'സത്യവിശ്വാസി വാളും ഭാഷയും ഉപയോഗിച്ച് സമരം നടത്തുന്നവനാണ്'.[4] ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന വിജ്ഞാനത്തിന്റെയും സാഹിത്യ സംസ്കാരത്തിന്റെയും അനുപമ ദൃഷ്ടാന്തമാണിവിടെ കാണാൻ കഴിയുന്നത്. ഇസ്‌ലാമിന്റെ ആരംഭകാലത്ത് നിലനിൽപ്പിന് വാളെടുക്കേണ്ടി വന്ന വിശ്വാസികളെ ബദ്റിലും ഉഹുദിലും ഖൻദഖിലുമെല്ലാം കാണാം. അവരുടെ ത്യാഗവും സ്നേഹവും ഐതിഹാസികമായിരുന്നു. അതുപോലെയോ അതിൽ കൂടുതലോ പ്രാധാന്യം അർഹിക്കുന്നതാണ് സത്യവിശ്വാസികൾ ഭാഷയിലൂടെ നടത്തുന്ന സേവനവും. ലോകമാകെ ഇന്ന് ഇസ്‌ലാമിനെ നിലനിർത്തുന്ന മുഖ്യഘടകം ഭാഷയിലൂടെ വിശ്വാസികൾ നടത്തിയ സമരമാണ്.

കഅ്ബുബ്നു മാലിക് കവിതയെയും കാവ്യാസ്വാദനത്തെയും കുറിച്ച് അന്വേഷിച്ചപ്പോഴാണ് ഭാഷയിലൂടെയുള്ള സമരത്തെ പ്രവാചകൻ ഓർമിപ്പിച്ചത്. ഉൽകൃഷ്ട സാഹിത്യ രചന കേവല സാഹിത്യ പ്രവർത്തനമല്ല. പ്രതിബദ്ധതയും ത്യാഗവും ആവശ്യപ്പെടുന്ന ഭാഷകൊണ്ടുള്ള സമരമാണ്. സാഹിത്യത്തെ ഒരു രണാങ്കണമായി സങ്കൽപിക്കുകയാണ്. ആ രണാങ്കണത്തിലെ ആയുധമാണ് ഭാഷ. അത് പ്രയോഗിക്കുന്നതിലെ വൈദഗ്ധ്യമാണ് വിജയത്തിന് നിദാനം.

പ്രവാചകന്റെ കാലത്ത് ശത്രുപക്ഷത്തുള്ള കവികൾ ഇസ്‌ലാമിനെ പരിഹസിക്കാനും ആക്ഷേപിക്കാനും കവിത ഉപയോഗിച്ചു. പ്രവാചക സദസ്സിലെ കവികളും തുല്യനാണയത്തിൽ തിരിച്ചടിക്കുമായിരുന്നു. ബർറാഅ് പറയുന്നു: 'നബി ഖുറൈള ദിനത്തിൽ ഹസ്സാനുബ്നു സാബിതിന് നിർദേശം നൽകി: താങ്കൾ അക്രമികളായ ബഹുദൈവ വിശ്വാസികളെ അപലപിക്കുക. നിശ്ചയമായും ജിബ്രീൽ ഒപ്പമുണ്ടാകും. പിന്നെ പ്രവാചകൻ പ്രാർഥിച്ചു: അല്ലാഹുവേ, അദ്ദേഹത്തെ (ഹസ്സാൻ) പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തേണമേ'[5] യുദ്ധാവസരങ്ങളിലും ഭീഷണികൾ അഭിമുഖീകരിക്കുമ്പോഴും സൈന്യത്തെയെന്നപോലെ പ്രവാചകൻ കവികളെയും സജ്ജരാക്കും. പ്രവാചക പത്നി ആഇശ ഓർമിക്കുന്നു: 'നബി യുദ്ധകാലങ്ങളിൽ കവികളോട് പറയുമായിരുന്നു, നിങ്ങൾ ഖുറൈശികളെ അധിക്ഷേപിക്കൂ; നിശ്ചയമായും അത് അവർക്ക് അമ്പിനേക്കാൾ മൂർച്ചയേറിയതാണ്'.[6]

പ്രവാചകന്റെ അനുചരന്മാരിൽപെട്ട പ്രമുഖ കവിയായിരുന്നു ആമിർ ഇബ്നു അക്‌വാഅ്. അദ്ദേഹം ഖൈബർ യുദ്ധത്തിൽ രക്തസാക്ഷിയായി. ഖൈബറിലേക്കുള്ള യാത്ര രാത്രിയിലും തുടരുകയായിരുന്നു. ഒപ്പം ഉണ്ടായിരുന്നവരിൽ ഒരാൾ ആമിറിനോട്, 'നിങ്ങളുടെ കവിതകൾ ഞങ്ങളെ കേൾപ്പിച്ചുകൂടേ' എന്ന് ചോദിച്ചു. ആമിർ വാഹനത്തിൽനിന്ന് ഇറങ്ങി പാടാൻ തുടങ്ങി. സഹയാത്രികർക്ക് ആവേശമായി. രണാങ്കണത്തിലേക്കുള്ള ചുവടുകൾക്ക് ചൈതന്യം വർധിക്കുന്നതായി കണ്ട പ്രവാചകൻ ചോദിച്ചു: 'അദ്ദേഹം ആരാണ്?' 'ആമിറുബ്നു അക്‌വാഅ്' - സഹയാത്രികർ മറുപടി നൽകി. നബി പ്രാർഥിച്ചു: അല്ലാഹുവേ അദ്ദേഹത്തെ അനുഗ്രഹിച്ചാലും'[7]

ഈ ചരിത്ര വസ്തുതകൾ കവിതയെ പ്രവാചകൻ പ്രബോധനത്തിനും പ്രതിരോധത്തിനും ഉപയോഗപ്പെടുത്തി എന്ന് കാണിക്കുന്നു. കവിത മനസ്സിനെ അമ്പിനേക്കാൾ വൈദഗ്ധ്യത്തോടെ കുത്തി വീഴ്ത്തുമെന്നും അത് ദുരുപയോഗപ്പെടുത്തരുതെന്നും പ്രവാചകൻ പഠിപ്പിച്ചു. കവികളുടെ ഉന്നമനത്തിന് അവിടുന്ന് പ്രാർഥിച്ചു. സമൂഹത്തിൽ അവർക്കുള്ള പങ്കിനെ ഉയർത്തിക്കാട്ടി. ഭാഷ സത്യവിശ്വാസിയുടെ സമരായുധമാണെന്ന് ഓർമപ്പെടുത്തി.

## കവിതയുടെ ഖുർആനിക പരിസരം

പ്രവാചക ശിഷ്യന്മാരിൽ പ്രധാനിയായിരുന്നു അബൂബക്ർ സിദ്ദീഖ്. സാഹിത്യത്തെയും കലയെയും പറ്റിയുള്ള ഇസ്‌ലാമിക അധ്യാപനങ്ങളിൽ ചിലതെങ്കിലും അബൂബക്ർ സിദ്ദീഖിന്റെ സാന്നിധ്യത്തിൽ ആയിരുന്നത് യാദൃശ്ചികം മാത്രം. ഒരു പെരുന്നാൾ ദിവസം അദ്ദേഹം പ്രവാചകന്റെ വീട്ടിൽ എത്തിയപ്പോൾ അവിടെ ഗാനാലാപനം നടക്കുകയാണ്. അയൽപക്കത്തെ അൻസ്വാറുകളായ രണ്ട് പെൺകുട്ടികൾ ഗാനം ആലപിക്കുന്നു. 'ബുആസ് ദിന'ത്തെക്കുറിച്ച് (ജാഹിലിയ്യാ കാലത്തെ ഒരു യുദ്ധം) അൻസ്വാറുകൾ വാമൊഴിയായി കൈമാറി വന്ന ചരിത്രം ഗാനമാക്കി ആലപിക്കുകയാണ്. അവർ ഗായികമാർ ആയിരുന്നില്ല. പ്രവാചക പത്നിയും അബൂബക്ർ സിദ്ദീഖിന്റെ പുത്രിയുമായ ആഇശയുടെ സാന്നിധ്യത്തിലായിരുന്നു ഗാനാലാപനം. അതിൽ എന്തോ അരുതായ്മ തോന്നിയ അബൂബക്ർ, ആഇശയോട് നീരസം പ്രകടിപ്പിച്ചു: 'അല്ലാഹുവിന്റെ ദൂതരുടെ ഗൃഹത്തിൽ പിശാചിന്റെ ഉപകരണങ്ങളോ? - അതും പെരുന്നാൾ സുദിനത്തിൽ? അപ്പുറത്ത് വിശ്രമിക്കുകയായിരുന്ന പ്രവാചകൻ അബൂബക്റിനെ ഉണർത്തി: 'ഓരോ സമുദായത്തിനും അവരുടേതായ ആഘോഷം ഉണ്ട്. ഇന്ന് നമ്മുടെ ആഘോഷമാണ്'.[8]

ഇസ്‌ലാമിക ചരിത്രത്തിൽ കവിതയുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സംഭവമാണ് ബാനത് സുആദ് (സുആദിന്റെ വിരഹം) എന്ന കവിത.[9] പ്രസിദ്ധ കവി കഅ്ബുബ്നു സുഹൈറിന്റേതാണ് രചന. ജാഹിലിയ്യാ കാലത്തെ വിഖ്യാത കവി സുഹൈറുബ്നു അബീ സുൽമയുടെ പുത്രനാണ് കഅ്ബ്. പിതാവിനെ പോലെ കാവ്യകലയിൽ പ്രാഗത്ഭ്യമുള്ള പ്രതിഭ. എങ്കിലും ശത്രുപക്ഷത്തുനിന്ന് പ്രവാചകനെ ആക്ഷേപിക്കുന്നതിലായിരുന്നു മിടുക്ക്. കഅ്ബിന്റെ ശകാര കാവ്യങ്ങൾ രൂക്ഷമായപ്പോൾ വിശ്വാസികൾ അസ്വസ്ഥരും ക്ഷുബ്ധരുമായി. ആ സന്ദർഭത്തിൽ കഅ്ബുബ്നു സുഹൈർ മസ്ജിദുന്നബവിയിൽ വന്ന് നബിയുടെ സവിധത്തിൽ ആലപിച്ച കാവ്യമാണ് ബാനത് സുആദ്. വേഷപ്രച്ഛന്നനായിട്ടാണ് അദ്ദേഹം എത്തിയത്. നബിയെയും ഇസ്‌ലാമിനെയും പ്രശംസിച്ചാണ് കവിത ചൊല്ലിയത്. നേരത്തേ ശകാരകാവ്യങ്ങൾ ചൊല്ലിപ്പോയതിൽ പശ്ചാത്തപിച്ചും കവിതയിൽ ഒരിടത്ത് അദ്ദേഹം നബിയെ ഇന്ത്യൻ നിർമിത വാൾ[10] എന്ന് വർണിക്കുന്നുണ്ട്. പ്രവാചകനെ അധിക്ഷേപിച്ച് ശത്രുപക്ഷത്തെ ആവേശം കൊള്ളിച്ച കഅ്ബുബ്നു സുഹൈർ പശ്ചാത്താപവിവശനായി പാടിയപ്പോൾ നബി തന്റെ പുതപ്പെടുത്ത് കവിക്ക് സമ്മാനിച്ചു. അങ്ങനെ വിശിഷ്ടമായ ഒരു മാതൃകക്ക് കൂടി ലോകം സാക്ഷിയായി.

സമൂല പരിവർത്തനം ലക്ഷ്യം വെച്ച ഖുർആൻ അറേബ്യയിലെ സാംസ്കാരികവും സദാചാര പരവുമായ ചട്ടങ്ങൾ മാറ്റിപ്പണിയുകയായിരുന്നു. സ്വാഭാവികമായും അറബികളുടെ ജാഹിലിയ്യാ സാഹിത്യവുമായും സംസ്കാരവുമായും ഖുർആന്റെ സാംസ്കാരിക ധാരക്ക് അകലം പാലിക്കേണ്ടി വന്നു. കൃതിയുടെ ഉള്ളടക്കത്തിൽ വരേണ്ട മാറ്റമായിരുന്നു ഖുർആൻ ലക്ഷ്യം വെച്ചത്. സാഹിത്യ പ്രസ്ഥാനങ്ങളോടോ അവയുടെ ആഖ്യാന രീതികളോടോ ആയിരുന്നില്ല ഖുർആന്റെ കലഹം. ജാഹിലിയ്യാ കാവ്യരീതികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഇസ്‌ലാം സ്വീകരിച്ചത്. അന്നത്തെ അറബി സാഹിത്യം പ്രതിനിധാനം ചെയ്ത സാംസ്കാരിക ധാരയുമായാണ് ഖുർആൻ സമരസപ്പെടാതിരുന്നത്.

ഖുർആന്റെ സവിശേഷമായ ആവിഷ്കാര ഭംഗി ഒരു സാഹിത്യ കൃതികൂടിയായി അത് ഗണിക്കപ്പെടാൻ ഇടയാക്കി. അറേബ്യയിലെ പ്രസിദ്ധ കവി ലബീദ് ഇബ്നു റബീഅയെ ഖുർആന്റെ അതുല്യമായ സാഹിത്യ ഭംഗി അത്ഭുതപ്പെടുത്തി. ഒട്ടേറെ കവിതകൾ രചിച്ച ലബീദ്, ഇസ്‌ലാം ആശ്ലേഷിച്ച ശേഷം കാവ്യരചനയോട് വിട പറഞ്ഞു. അദ്ദേഹത്തിന്റെ കാവ്യപ്രതിഭക്ക് മങ്ങലേറ്റത് കൊണ്ടൊന്നുമായിരുന്നില്ല ഇത്. ഒരു ദിവസം രണ്ടാം ഖലീഫ ഉമർ, ലബീദിനോട് താങ്കളുടെ പുതിയ കവിതകൾ കേൾക്കാൻ

ആഗ്രഹമുണ്ടെന്ന് അറിയിച്ചു. ലബീദ് ഒഴിഞ്ഞ് മാറുകയാണുണ്ടായത്. *അൽബഖറ, ആലുഇംറാൻ* അധ്യായങ്ങൾ അല്ലാഹു എനിക്ക് പഠിപ്പിച്ചു തന്നശേഷം ഞാൻ കവിത മൊഴിഞ്ഞിട്ടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.[11] ലബീദിന്റെ ആത്മാവിൽ ഊറിക്കൂടിയ സാംസ്കാരിക സ്വത്വം ഖുർആനിലൂടെ വിനിമയം ചെയ്യപ്പെടുന്നത് ആ കാവ്യ ചേതനയെ കീഴ്പ്പെടുത്തിയിട്ടുണ്ടാവാം.

മറ്റുചില കവികളുടെ ചരിത്രത്തിലും സമാനമായ അനുഭവങ്ങൾ കാണാം. ഇസ്‌ലാം സ്വീകരിച്ച ശേഷം ചിലരെങ്കിലും സാഹിത്യ രചനകൾ നടത്താതിരുന്നത് ഭാവനയെയും സർഗവൃത്തികളെയും ഖുർആൻ മന്ദീഭവിപ്പിച്ചത് കൊണ്ടാണെന്ന് കരുതുന്നവരുണ്ട്. ഖുർആൻ സാഹിത്യത്തിൽ വരുത്തിയ മാറ്റം സൂക്ഷ്മമായി വിശകലനം ചെയ്താലേ ഈ ധാരണയിൽ എത്രമാത്രം വസ്തുതയുണ്ടെന്ന് കണ്ടെത്താനാവൂ. മഹത്തായൊരു കാവ്യ സംസ്കാരത്തിന്റെ ഉടമകളായിരുന്നു അറബികൾ. അവരുടെ സാഹിത്യ ചിന്തക്കുമേൽ വിള്ളലുകൾ വീഴ്ത്തിയാണ് ഖുർആൻ അവതരിച്ചത്. കുത്തഴിഞ്ഞ ജീവിതരീതികളെ സദാചാര ബന്ധിതമായ സംസ്കൃതിയായി ഖുർആൻ പുനർനിർമിച്ചു. അത് പരമ്പരാഗത കാവ്യശീലങ്ങളുടെ സ്തംഭങ്ങളെ തകർത്തെറിഞ്ഞു. യുദ്ധവും മദ്യവും കാമിനിയും കവിതയുടെ ഇതിവൃത്തമാക്കിയ ആദ്യകാല കവികൾക്ക് പുതിയ സാംസ്കാരിക പരിസരത്ത് വേരോട്ടം ലഭിച്ചില്ല. അവർ പരിചയിച്ച അലങ്കാരങ്ങൾ കവിതയെ അണിയിക്കാൻ കഴിയാതെ വന്നപ്പോൾ കാവ്യജീവിതത്തോട് വിടപറഞ്ഞവർ പലരുമുണ്ട്. എന്നാൽ പുതിയ ജീവിതത്തിന് അനുഗുണമായി ഭാവനയെയും അലങ്കാരത്തെയും കണ്ടെത്തി കാവ്യപാഠങ്ങൾ ആവിഷ്കരിച്ചവരും കുറവല്ല. ഹസ്സാനുബ്നു സാബിതും കഅ്ബുബ്നു മാലികും പുതിയ പരീക്ഷണവുമായി വന്നപ്പോൾ പ്രവാചകൻ അവരെ പ്രോത്സാഹിപ്പിച്ചു.

ഉമർ ഖയ്യാം, സഅ്ദി, റൂമി, ശൗഖി, ഇഖ്ബാൽ തുടങ്ങിയ വിശ്വപ്രതിഭകൾ മാത്രമല്ല; നമ്മുടെ ഭാഷയിലെ മഹാകവി മോയിൻകുട്ടി വൈദ്യരും വൈക്കം മുഹമ്മദ് ബശീറുമെല്ലാം ഖുർആൻ സർഗാത്മക രചനകളെ സ്തംഭിപ്പിക്കുകയില്ലെന്നതിന്റെ ഉദാഹരണങ്ങളാണ്. സാഹിത്യത്തിലും കവിതയിലും മാത്രമല്ല, സുകുമാര കലകളിലും വാസ്തുവിദ്യയിലുമെല്ലാം ഖുർആൻ നൽകിയ പ്രചോദനത്തിന് അനുപമ മാതൃകകൾ ഉണ്ട്. മക്ക, മദീന, ദമസ്ക്കസ് തുടങ്ങിയ അറേബ്യൻ നഗരങ്ങൾക്ക് പുറമെ മൊറോക്കോ, കൈറുവാൻ, തുനീഷ്യ, കയ്റോ എന്നീ ആഫ്രിക്കൻ നാടുകളിലും ബുഖാറ, സമർഖന്ത്, ഇസ്ഫഹാൻ, ദൽഹി, ആഗ്ര മുതലായ ഏഷ്യൻ പട്ടണങ്ങളിലും ഗ്രാനഡ, കൊർദോവ, ഇസ്തംബൂൾ പോലുള്ള യൂറോപ്യൻ പ്രദേശങ്ങളിലും ഖുർആനിൽ പ്രചോദനം നേടി കൊത്തിയെടുത്ത ചാരുദൃശ്യങ്ങൾ എത്രയാണുള്ളത്. ഖുർആൻ ഒരു വേദഗ്രന്ഥം മാത്രമല്ല; ഒരു കവിക്ക് ഇനി കവിത എഴുതേണ്ടതില്ലെന്ന് തോന്നാൻ മാത്രം ആഴവും പരപ്പുമുള്ള ഭാവനയുടെയും ആത്മാവിഷ്കാരത്തിന്റെയും കലവറകൂടിയാണ്.

**അവലംബം**


1. ഖുർആൻ *അശ്ശുഅറാഅ്* : 224-227.
2. *ഫത്ഹുൽ ബാരി: വാല്യം - പത്ത്.*
3. *ഫത്ഹുൽ ബാരി: വാല്യം - പത്ത്.*
4. ഇബ്നു അബ്ദിൽ ബർറ്-*അൽ ഇസ്തിആബു ഫീ മഅ്രിഫതിൽ അസ്ഹാബ്:* വാല്യം - മൂന്ന്.
5. *മിശ്കാത്തെ മസാബീഹ്:* വാല്യം - മൂന്ന്.
6. *സ്വഹീഹു മുസ്‌ലിം:* വാല്യം - 15/16.
7. *ഫത്ഹുൽ ബാരി:* വാല്യം - പത്ത്.
8. *ഫത്ഹുൽ ബാരി: വാല്യം - രണ്ട്.*
9. ഉമർ ഫർറൂഖ്-*താരീഖുൽ അദ്ബിൽ അറബി:* വാല്യം - ഒന്ന്.
10. *ഇബ്നു ഖുതൈബ-അശ്ശിഅ്റു വശ്ശുഅറാഅ്:* വാല്യം - ഒന്ന്.
11. *ഇബ്നുൽ അസീർ-ഉസ്ദുൽ ഗാബ:* വാല്യം - നാല്.